# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര.

**കാർഷിക നിർദ്ദേശക ബുള്ളറ്റിൻ**

(ടെലിഫോൺ: 04872371931)

## തൃശ്ശൂർ

**E mail: kauagmet@yahoo.co.in**

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എഎസ് 13/16, ചൊവ്വാഴ്ച** **തീയ്യതി 22.03.2015**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി**: കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ മഴ ലഭിച്ചില്ല. ഏറ്റവും ഉയർന്നതാപനില 35.6 മുതൽ 36.8 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 23.8 മുതൽ 26.0 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 88 മുതൽ 92 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 53 മുതൽ 60 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 1.8 മുതൽ 2.3 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനംപ്രതി 7.5 മുതൽ 9.5 മണിക്കൂറും ബാഷ്പീകരണം ദിനം പ്രതി 3.9 മുതൽ 5.3 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 23.03.2016 | 24.03.2016 | 25.03.2015 | 26.03.2016 | 27.03.2016 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 2 | 0 | 0 |
| ഉയർന്ന താപനില (°C) | 36 | 36 | 36 | 36 | 36 |
| കുറഞ്ഞ താപനില (°C) | 26 | 26 | 26 | 26 | 26 |
| മേഘവ്യാപ്തി (ഒക്ട) | 5 | 5 | 4 | 4 | 4 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 60 | 60 | 60 | 60 | 60 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ) | 006 | 006 | 006 | 006 | 006 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 250 | 250 | 250 | 250 | 250 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| തെങ്ങ് | ചെമ്പൻ ചെല്ലി | തെങ്ങിൽ ചെമ്പൻ ചെല്ലിയുടെ ആക്രമണം കാണുവാൻ സാധ്യതയുണ്ട്. കള്ള്, പൈനാപ്പിൾ എന്നിവ യീസ്ററ് ചേർത്ത് പുളിപ്പിച്ച് തെങ്ങിൻ തോപ്പിൽ വച്ച് ചെമ്പൻ ചെല്ലിയെ ആകർഷിക്കാം. ഇതിൽ ഏതെങ്കിലും കീടനാശിനി ചേർത്ത് തോട്ടത്തിൽ പല ഭാഗങ്ങളിൽ വെച്ചാൽ ഇതിലേയ്ക്ക് ആകർഷിക്കപ്പെടുന്ന കീടങ്ങൾ ചത്തു വീഴും. |
| | കൊമ്പൻചെല്ലി | 250 ഗ്രാം വേപ്പിൻപിണ്ണാക്ക് പൊടിച്ചത് തുല്യ അളവ് മണലുമായി ചേർത്ത് നാമ്പോലയ്ക്കു ചുററുമുള്ള മൂന്നോ നാലോ ഓലപ്പട്ടയ്ക്കുള്ളിൽ നിറയ്ക്കുക. |
| വാഴ | പിണ്ടിപ്പുഴു | ആരംഭഘട്ടത്തിൽ 2% വീര്യമുള്ള വേപ്പെണ്ണ-വെളുത്തുള്ളി -സോപ്പ് മിശ്രിതം തളിക്കുക. അധികമായാൽ 3 മി.ല്ലി. ക്ലോർപൈറിഫോസ് ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് ഏതെങ്കിലും പശ ചേർത്തു വാഴത്തടയിൽ തേച്ചു പിടിപ്പിക്കുക. |
| പച്ചക്കറികൾ | കായീച്ച | കേടു വന്ന കായ്കൾ നശിപ്പിക്കുക. പച്ചക്കറികളിലെ കായീച്ചകളെ നിയന്ത്രിക്കാനുള്ള പ്രത്യേകമായ ഫിറമോൺ കെണികൾ അല്ലെങ്കിൽ തുളസി/പഴക്കെണികൾ ഉപയോഗിക്കുക. എന്നിട്ടും കുറവില്ലെങ്കിൽ 0.2% മാലത്തിയോൺ ലിറ്റർ ഒന്നിന് 10 ഗ്രാം ശർക്കരയോ, പഞ്ചസാരയോ ചേർത്ത് പൂക്കുന്ന സമയത്തും കായ് പിടിക്കുന്ന സമയത്തും രണ്ടാഴ്ച്ച ഇടവിട്ട് തളിച്ചു കൊടുക്കണം. |